**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** | **23-02-2022 - ൽ മറുപടിയ്ക്ക്**

**പുതിയ സംരംഭങ്ങൾക്ക് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം നൗഷാദ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾക്ക് തത്സമയം അനുമതി ലഭ്യമാക്കുന്നതിന്റെയും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി അടുത്ത സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച് പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക എന്നീ വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻസ് കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസ്സോസിയേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന പ്ലാനിങ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത പരിപാടിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മറ്റ് സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബോധവത്കരണ ക്യാമ്പും, ലോൺ / ലൈസൻസ് മേളകളും നടത്തുക വഴിയും പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് നിയമിക്കുന്ന ഇന്റേണുകളുടെ പ്രവർത്തനം വഴിയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരുന്നുണ്ട്. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ പരിശീലനത്തിനുള്ള കൈപുസ്തകം, വീഡിയോ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും സംസ്ഥാനതല പദ്ധതി ഏകോപനത്തിനുമായി | (ബി) | 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളും ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക എന്നീ വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻസ് കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസ്സോസിയേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന പ്ലാനിങ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത പരിപാടിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മറ്റ് സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബോധവത്കരണ ക്യാമ്പും, ലോൺ / ലൈസൻസ് മേളകളും നടത്തുക വഴിയും പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് നിയമിക്കുന്ന ഇന്റേണുകളുടെ പ്രവർത്തനം വഴിയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരുന്നുണ്ട്. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ പരിശീലനത്തിനുള്ള കൈപുസ്തകം, വീഡിയോ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ